(സി) എങ്കിൽ എത്ര വർഷമായെന്ന് വ്യക്തമാക്കുമോ; സർജനെ നിയമിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(ഡി) പിന്നോക്ക ജില്ല എന്ന പരിഗണന നൽകി സർജനെ നിയമിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 17

(ബി) ഉണ്ട്.

(സി) 3.8.98 മുതൽ അവിടെ സർജൻ ഇല്ല. പ്രസ്തുത ജില്ലയിൽ സർജൻമാരുടെ അഭാവമാണ് ഇതിന്റെ കാരണം.

(ഡി) അടിയന്തിരമായി ഒരു സർജനെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മലയിടംതുരുത്ത് (പള്ളിക്കര), കുമാരപുരം ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ നടപടി

159(1647)ശ്രീ. എം.വി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിടംതുരുത്ത് (പള്ളിക്കര), കുമാരപുരം ആശുപത്രികളിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാതിരുന്നത് എന്നറിയിക്കുമോ;

(സി) ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് ഈ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) മലയിടംതുരുത്ത് (പള്ളിക്കര), കുമാരപുരം എന്നീ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവപരിഗണനയിലാണ്. തസ്തികകൾ സൃഷ്ടിച്ചശേഷം മാത്രമേ ഈ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് കഴിയുകയുള്ളൂ.

പബ്ലിക് ഹെൽത്ത് സെന്ററുകൾ തുറന്നു പ്രവർത്തിക്കാൻ നടപടി

160(1648)ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലയിൽ, ചെങ്കൽ, കുളത്തൂർ, പരണിയം എന്നീ പബ്ലിക് ഹെൽത്ത് സെന്ററുകളിലെ കെട്ടിടങ്ങളുടെ പണി പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പി.എച്ച്.സി.യിൽ പൂർത്തിയായ കെട്ടിടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly